# ലോക കേരള സഭ ബിൽ

ലോക കേരള സഭയുടെ ആദ്യ സമ്മേളനം കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായം എഴുതിച്ചേർത്തു. വിപുലമായ പങ്കാളിത്തവും അർത്ഥവത്തായ സംവാദങ്ങളും സമ്മേളനത്തെ തികച്ചും ശ്രദ്ധേയമാക്കി. സഭയുടെ ഈ സമ്മേളനത്തിലൂടെ സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള അടിത്തറ പ്രദാനം ചെയ്യാൻ നമുക്ക് കഴിയും. ലോക കേരള സഭ രൂപീകരിക്കപ്പെട്ടതും ആദ്യ സമ്മേളനം സംഘടിപ്പിക്കപ്പെട്ടതും ഒരു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. സഭയുടെ പ്രവർത്തനങ്ങൾക്കും സമ്മേളനങ്ങളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾക്കും ആധികാരിക സ്വഭാവം നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കുറേക്കൂടി ശക്തമായ നിയമ പിൻബലം ആവശ്യമാണ്. ഒരു പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ ലോക കേരള സഭ രൂപീകരിക്കുകയും, അതിന്റെ കടമകൾ, പ്രവർത്തനങ്ങൾ, സമ്മേളന നടപടിക്രമങ്ങൾ എന്നിവ വ്യക്തമായി നിർവ്വചിക്കുകയും ചെയ്താൽ ലോക കേരളത്തിന്റെ പൊതു ജനാധിപത്യ വേദിയായി ഉയർന്നുവരാനും നിയമപരമായി കൂടുതൽ ഊർജ്ജവും ഉറപ്പും ആർജ്ജിക്കാനും ലോക കേരള സഭയ്ക്ക് കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

ഈ ലോക കേരള സഭാ ബില്ലിന്റെ പ്രാഥമിക കരട് സമ്മേളനത്തിനു മുമ്പാകെ അവതരിപ്പിക്കുന്നു. ഇപ്രകാരം ഒരു നിയമം നിർമ്മിക്കുന്നതിനുള്ള ഭരണഘടനാപരമായ അവകാശം കേരള നിയമസഭയ്ക്കുണ്ട്. ഇവിടെ ചർച്ചയ്ക്കായി അവതരിപ്പിക്കുന്ന പ്രാഥമിക കരടിന് സമ്മേളനത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. ഔദ്യോഗിക നിയമ നിർമ്മാണത്തിന്റെ ഭാഗമായി സർക്കാർ മുൻഗണന നൽകി പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, ഘടന, സമ്മേളനങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവയെപ്പറ്റിയുള്ള വ്യവസ്ഥകള് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ടങ്ങളുടെ നിർമ്മാണത്തിലൂടെ വിശദമായ വ്യവസ്ഥകൾക്കു രൂപം നൽകാനുള്ള അധികാരവും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

കൂട്ടായ ചർച്ചകളിലൂടെ ബില്ലിന്റെ ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്തി കുറ്റമറ്റ ഒരു കരട് ബിൽ സർക്കാരിനു സമർപ്പിക്കാൻ ലോക കേരള സഭ സെക്രട്ടേറിയറ്റിന് കഴിയും എന്നു പ്രത്യാശിക്കുന്നു.

## 2019 ലെ ലോക കേരള സഭ ബിൽ

ലോക കേരള സഭ രുപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു ബിൽ.

**പീഠിക**:––കേരളത്തിന് പുറത്തുള്ള പ്രവാസി കേരളീയരെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി അവർക്ക് ഒരു പൊതുവേദി പ്രദാനം ചെയ്യുന്നതിനും കേരളത്തിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്ന തിനും ലോക കേരള സഭ രുപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:–

**1.** ചുരുക്ക പേരും, വ്യാപ്തിയും പ്രാരംഭവും.– (1) ഈ ആക്റ്റിന് 2019 ലെ ലോക കേരള സഭ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**2.** നിർവ്വചനങ്ങൾ:– ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,–

എ) ''സർക്കാർ''എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

ബി) ''നേതാവ്'' എന്നാൽ സഭാ നേതാവ് എന്നർത്ഥമാകുന്നു;

സി) ''നിർണ്ണയിക്കപ്പെട്ട''എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

ഡി) ''സഭ''എന്നാൽ 3–ാം വകുപ്പുപ്രകാരം രുപീകരിച്ചിട്ടുള്ള ലോക കേരള സഭ എന്നർത്ഥമാകുന്നു;

ഇ) ''സ്റ്റാൻഡിംഗ് കമ്മിറ്റി'' എന്നാൽ 9–ാം വകുപ്പുപ്രകാരം രുപീകരിച്ചി ട്ടുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

എഫ്) ''സംസ്ഥാനം'' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

**3.** ലോക കേരളസഭയുടെ രൂപീകരണം.– (1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കു ശേഷം, കഴിയുന്നത്ര വേഗം, വിജ്ഞാപനം വഴി ലോക കേരള സഭ രൂപീകരിക്കേണ്ടതാണ്.

(2) ലോക കേരള സഭ ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും കരാറിൽ ഏർപ്പെടാനും സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കയ്യൊഴിയുന്നതിനും അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ലോക കേരള സഭയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതാണ്.

4. ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.– (1) ലോക കേരള സഭയ്ക്ക് താഴെപ്പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്;–

(എ) കേരളത്തിന് പുറത്തുള്ള പ്രവാസി കേരളീയരെ സംസ്ഥാനവുമായി സമന്വയിപ്പിക്കുക;

(ബി) സംസ്ഥാനത്തെ പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി ജീവിതത്തിന്റെ വിവിധ തുറകളിലുള്ള മഹനീയ വ്യക്തികളെ ഒരുമിച്ച് ഒരു വേദിയിൽ കൊണ്ടുവരിക.

(സി) സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി കേരളത്തിലും കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് പുറത്തും അനുയോജ്യമായ വേദികൾ ലഭ്യമാക്കുക;

(ഡി) കേരളീയ സംസ്കാരത്തിന്റെ പുരോഗമനാത്മക വികസനത്തിനായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലും സംസ്ഥാനത്തിന് പുറത്തും ഇന്ത്യയ്ക്ക് പുറത്തുമുള്ള കേരളീയർ തമ്മിലുള്ള സഹകരണവും ദൃഢബന്ധവും പ്രോത്സാഹിപ്പിക്കുക;

(ഇ) കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതി, പൊതു സംസ്കാരം എന്നിവ സംബന്ധിച്ച് പ്രധാനപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്ന കേരളീയരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക;

(എഫ്) സംസ്ഥാനത്തിന്റെ ക്ഷേമത്തിനായുള്ള കർമ്മപരിപാടികളും ആശയങ്ങളും അവതരിപ്പിക്കുകയും അവ ചർച്ച ചെയ്ത് പൊതുസമ്മത തീരുമാനത്തിൽ എത്തുകയും ചെയ്യുക;

(ജി) ഇന്ത്യൻ ഭരണഘടനയുടേയും പ്രസക്തമായ അന്തർദേശീയ കരാറുകൾ, സന്ധികൾ, ഉടമ്പടികൾ എന്നിവയിലേയും വ്യവസ്ഥകൾക്ക് വിധേയമായി ആഗോള സാഹചര്യത്തിൽ കേരളീയ താൽപ്പര്യത്തിനായുള്ള സംഗതികൾ ചർച്ച ചെയ്യുകയും പൊതുസമ്മതത്തിന്റെ അടിസ്ഥാനത്തിൽ ആവിർഭവിക്കുന്ന തീരുമാനങ്ങൾ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആയതിൽ ഉചിതമായ ശുപാർശ നൽകുകയും ചെയ്യുക.

(2) (1)-ാം ഉപ വകുപ്പിൽ വിവരിച്ചിട്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്ന ആവശ്യത്തിലേക്കായി സഭയ്ക്ക് അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതും അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

**5.** <u>അംഗത്വം</u>.-(1) സഭയുടെ അംഗത്വം ഇന്ത്യൻ പൗരന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്.

എന്നാൽ, ഇന്ത്യൻ പൗരന്മാരല്ലാത്ത കേരളീയർക്കും സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാവുന്നതാണ്.

(2) സഭയുടെ അംഗങ്ങളുടെ ആകെ എണ്ണം മൂന്നൂറ്റി അൻപത്തി ഒന്ന് ആയിരിക്കും. അതിൽ താഴെപറയുന്നവർ ഉൾപ്പെടുന്നു;

(എ) കേരള നിയമ സഭയിലെ എല്ലാ അംഗങ്ങളും;

(ബി) ഇന്ത്യൻ പാർലമെന്റിന്റെ ഇരു സഭകളിലുമായി കേരളത്തെ പ്രതിനിധീകരിക്കുന്ന എല്ലാ അംഗങ്ങളും;

(സി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർ, ഇന്ത്യ ഒഴികെ മറ്റു രാജ്യങ്ങളിൽ താമസിക്കുന്ന കേരളീയർ, മറ്റു സംസ്ഥാനങ്ങളിലോ രാജ്യത്തോ ഒരു പ്രവാസിയായി ജീവിക്കുകയും കേരളത്തിലേക്ക് മടങ്ങി വരികയും ചെയ്ത വ്യക്തികൾ, വിവിധ മേഖലകളിലെ പ്രഗത്ഭരായ വ്യക്തികൾ എന്നിവരെ പ്രതിനിധീകരിക്കുന്നവരിൽ നിന്നും അവശേഷിക്കുന്ന അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്.

(3) ചുവടെ പ്രതിപാദിക്കുന്നവ പരിഗണനാവിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗങ്ങളിൽ നിന്നുള്ള പ്രാതിനിധ്യം നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്, അതായത്;-

(എ) ഒരു സംസ്ഥാനത്ത്/രാജ്യത്ത് ഉള്ള കേരളീയരുടെ എണ്ണം

(ബി) വ്യത്യസ്ത ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം.

(സി) പൊതു ആവശ്യങ്ങൾക്കായി വ്യക്തികൾ/സമുദായങ്ങളുടെ സംഭാവന നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഇതര പരിഗണനാ വിഷയങ്ങൾ.

(4) വ്യക്തികൾക്കും, സംഘടനകൾക്കും സഭയിൽ ഉൾപ്പെടുത്തുന്നതിനുള്ള നാമനിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു കമ്മിറ്റി നാമനിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതും നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസൃതമായി ഒരു പാനൽ തയ്യാറാക്കേണ്ടതും നാമനിർദ്ദേശം ചെയ്യുന്നതിലേക്ക് അത് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(5) ലോക കേരള സഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന അംഗങ്ങൾ ഓരോ രണ്ടാം വർഷവും അവസാനിച്ച് എത്രയും വേഗം സ്ഥാനം ഒഴിയേണ്ടതും, നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കനുസൃതമായി അതാത് വിഭാഗങ്ങളിൽ നിന്നും നാമനിർദ്ദേശം മുഖേന അപ്രകാരമുള്ള ഒഴിവുകൾ നികത്തേണ്ടതുമാണ്.

(6) ലീഡറെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്ത് അല്ലെങ്കിൽ ഇ-മെയിൽ മുഖേന സഭയിലെ ഒരംഗത്തിന് തന്റെ രാജി നൽകാവുന്നതും അതിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടുകൊണ്ട് ലീഡർക്ക് രാജി സ്വീകരിക്കാവുന്നതുമാണ്.

(7) സഭയിലെ ഒരംഗം സർക്കാർ താൽപ്പര്യങ്ങൾക്കോ സഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കാ വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം സർക്കാരിന് ഉചിതമെന്ന് തോന്നുന്ന അന്വേഷണത്തിലൂടെ പ്രസ്തുത അംഗത്തിനെ കേൾക്കാൻ അവസരം നൽകിയതിന് ശേഷം അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

6. ലീഡർ ഡെപ്യൂട്ടി ലീഡറും സെക്രട്ടേറിയറ്റും:- (1) കേരളാ മുഖ്യമന്ത്രി സഭയുടെ ലീഡറും കേരള നിയമസഭയുടെ പ്രതിപക്ഷ നേതാവ് ഡെപ്യൂട്ടി ലീഡറും ആയിരിക്കേണ്ടതാണ്.

(2) കേരള സർക്കാരിന്റെ ചീഫ് സെക്രട്ടറി സെക്രട്ടറി ജനറൽ ആയും സർക്കാർ ഉത്തരവ് മുഖേന നിയമിക്കുന്ന അങ്ങനെയുള്ള മറ്റു ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു സെക്രട്ടറിയേറ്റ് സഭയ്ക്ക് ഉണ്ടായിരിക്കേണ്ടതുമാണ്.

(7) ഉപദേശക ബോർഡ്:- വിവിധ വിഷയങ്ങളിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരും വിദഗ്ധരും ഉൾപ്പെടുന്ന ഒരു ഉപദേശക ബോർഡ് സർക്കാർ രൂപീകരിക്കേണ്ടതാണ്.

(8) യോഗങ്ങൾ:- (1) സാധാരണയായി സഭ രണ്ട് വർഷത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നിരുന്നാലും സർക്കാർ തീരുമാനിക്കുന്ന പ്രകാരം അതിന് കൂടുതൽ തവണ യോഗം ചേരാവുന്നതാണ്.

(2) കേരളാ നിയമസഭാ സ്പീക്കർ ചെയർമാനായ 7 അംഗങ്ങൾ ഉൾപ്പെട്ട ഒരു പ്രിസീഡിയം ആണ് സഭയുടെ യോഗങ്ങൾ നടത്തേണ്ടത്. ലീഡർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തു നിന്നുള്ള ഒരു പാർലമെന്റംഗം, കേരളാ നിയമസഭയിലെ ഒരംഗം, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഒരംഗം, ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള ഒരംഗം, യൂറോപ്പിൽ നിന്നുള്ള ഒരംഗം, ഇതര രാഷ്ട്രങ്ങളിൽ നിന്നുള്ള ഒരംഗം എന്നിവർ അംഗങ്ങളിൽ ഉൾപ്പെടും.

(3) സഭയുടെ യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കും.

(9) സ്റ്റാന്റിംഗ് കമ്മിറ്റികൾ:- (1) പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്നതിനും റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുമായി സർക്കാരിന് മേഖലാധിഷ്ഠിത സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

(2) കമ്മിറ്റി ചെയർമാന് കൺവീനറുമായി കൂടിയാലോചിച്ചുകൊണ്ട് നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ആവശ്യാനുസരണം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗം ചേരാവുന്നതാണ്.

(3) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണവും യോഗത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കും.

10. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം;- (1) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ഗസറ്റ് വിജ്ഞാപനം മുഖേന മുൻകാലപ്രാബല്യത്തോടുകൂടിയോ, പിൻകാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയാ രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അത് പ്രകാരം ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും

ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതത് സംഗതി പോലെ, ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു, എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

11. സിവിൽ കോടതിയുടെ ആധികാരികതയ്ക്കുള്ള വിലക്ക്.– ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ സർക്കാരോ സർക്കാർ അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സെക്രട്ടറി ജനറലോ തീർച്ചപ്പെടുത്തേണ്ടതോ, തീരുമാനിക്കേണ്ടതോ, കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും വിഷയം തീർച്ചപ്പെടുത്താനോ, തീരുമാനിക്കാനോ, കൈകാര്യം ചെയ്യാനോ, ഏതെങ്കിലും സംഗതി തീർപ്പാക്കാനോ, യാതൊരു സിവിൽ കോടതിയ്ക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

12. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.– (1) ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം. സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകളാൽ, ഈ ആക്ടിലേയോ അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കുന്നതിന് ആവശ്യമോ അനിവാര്യമോ ആണെന്ന് അതിന് തോന്നുന്നതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയ്യതി മുതൽ രണ്ട് വർഷം കഴിഞ്ഞതിന് ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1) –ാം വകുപ്പു പ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അവ പുറപ്പെടുവിച്ച് കഴിഞ്ഞ് എത്രയും വേഗം പതിനാല് ദിവസങ്ങൾക്ക് താഴെയല്ലാത്ത കാലയളവിലേക്ക് നിയസഭ മുമ്പാകെ വയ്ക്കേണ്ടതും അത് അപ്രകാരം വയ്ക്കുന്ന സമ്മേളനത്തിലോ അതിന് തൊട്ടടുത്ത സമ്മേളനത്തിലോ നിയമസഭ കൊണ്ടുവരുന്ന ഭേദഗതികൾക്ക് വിധേയമായിരിക്കുന്നതുമാണ്.